**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3828** **09-10-2025 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ജെൻഡറുകൾക്ക് സംവരണം അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ട്രാൻസ്ജെൻഡറുകൾ സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിൽ ഉള്ള സമൂഹമാണെന്ന് സുപ്രീംകോടതി വിലയിരുത്തുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ; | (എ) | ഭരണഘടന അവകാശങ്ങളുടെ അടിസ്ഥാനത്തിൽ ട്രാൻസ്ജെന്റർ വ്യക്തികൾക്ക് തുല്യത ഉറപ്പാക്കുന്നതിനും, വിവേചനരഹിതമായി സമൂഹത്തിൽ നിലനിൽക്കുന്നതിനും , അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് 2014 ഏപ്രിൽ മാസം 15-ന് ബഹു.സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (WP(C) No.400/2012, WP(C) No.604/2013). ട്രാൻസ്ജെൻഡർ വ്യക്തികളെ സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന പൗരൻമാരായി പരിഗണിച്ച് വിദ്യാഭ്യാസത്തിലും, പൊതു നിയമനങ്ങളിലും സംവരണം അനുവദിക്കണമെന്ന് പ്രസ്തുത വിധിന്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അവരുടെ ദൃശ്യതയും സ്വീകാര്യതയും വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാനസർക്കാർ നിരവധി ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് ഉൾപ്പെടെ നിരവധി പദ്ധതികൾ ആണ് "മഴവില്ല്" എന്ന സമഗ്ര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. |
| (ബി) | ആറുമാസത്തിനുള്ളിൽ ട്രാൻസ്ജെൻഡറുകൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങളിലും സർക്കാർ ജോലിയിലും സംവരണം ഏർപ്പെടുത്തണമെന്ന് ഹൈക്കോടതി നിർദേശിക്കുകയുണ്ടായോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സംവരണം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് ബഹു.കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 29247/2019, WP(C)No.1970/2024 കേസുകളുടെ വിധിന്യായത്തിൽ<br><br>" .... In such circumstances, we are of the view that the Government shall implement measures to provide reservations to transgenders within six months from the date of receipt of a copy of this judgment. " എന്ന് വിധി പ്രസ്താവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് വിദ്യാഭ്യാസരംഗത്തും സർക്കാർ ജോലികളിലും ട്രാൻസ്ജെൻഡർ സമൂഹത്തിന് ഏതെങ്കിലും തരത്തിലുള്ള സംവരണം നിലവിലുണ്ടോ; | (സി) | ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസത്തിൽ സംവരണം അനുവദിക്കുന്ന ആദ്യ സംസ്ഥാനം കേരളമാണ്. സംസ്ഥാനത്തെ സർവ്വകലാശാലകളിലും സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലും യു.ജി, പി.ജി കോഴ്സുകളിൽ 2 സീറ്റ് വീതവും, ബി.എസ്.സി നഴ്സിംഗ് & ജനറൽ നഴ്സിംഗ് കോഴ്സുകളിൽ 1 സീറ്റും, ഫൈൻ ആർട്സ് കോഴ്സുകളിൽ 2 സീറ്റ് വീതവും അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കോഴ്സിൽ ചേരുന്നതിനുള്ള ഉയർന്ന, താഴ്ന്ന പ്രായപരിധി ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ളവർക്ക് സർക്കാർ സർവ്വീസിൽ സംവരണം എന്ന വിഷയം സർക്കാർ പരിഗണിച്ച് വരുകയാണ്. |
| (ഡി) | കർണാടക, മധ്യപ്രദേശ്, തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിൽ ട്രാൻസ്ജെൻഡർ സമൂഹത്തിൽ പെട്ടവർക്ക് ചില സംവരണ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ഡി) | കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഹൊറിസോണ്ടൽ രീതിയിൽ സംവരണം അനുവദിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | എങ്കിൽ സംസ്ഥാനത്ത് ട്രാൻസ്ജെൻഡറുകൾക്ക് സംവരണം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ഇ) | ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസത്തിൽ സംവരണം അനുവദിക്കുന്ന ആദ്യ സംസ്ഥാനം കേരളമാണ്. സംസ്ഥാനത്തെ സർവ്വകലാശാലകളിലും സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലും യു.ജി, പി.ജി കോഴ്സുകളിൽ 2 സീറ്റ് വീതവും, ബി.എസ്.സി നഴ്സിംഗ് & ജനറൽ നഴ്സിംഗ് കോഴ്സുകളിൽ 1 സീറ്റും, ഫൈൻ ആർട്സ് കോഴ്സുകളിൽ 2 സീറ്റ് വീതവും അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കോഴ്സിൽ ചേരുന്നതിനുള്ള ഉയർന്ന, താഴ്ന്ന പ്രായപരിധി ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ളവർക്ക് സർക്കാർ സർവ്വീസിൽ സംവരണം എന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, നിയമ വകുപ്പ് എന്നിവയുമായി ചേർന്ന് സർക്കാർ പരിശോധിച്ച് വരുകയാണ്. |

സെക്ഷൻ ഓഫീസർ